**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1164** **27-07-2021 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാല ലെക്സിക്കൻ എഡിറ്റർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാല ലെക്സിക്കൻ എഡിറ്ററായി മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്റെ ഭാര്യയ്ക്ക് യോഗ്യതകൾ തിരുത്തി നിയമനം നല്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സർവകലാശാല ലെക്സിക്കൺ എഡിറ്റർ തസ്തികയിലേക്ക് നടന്ന നിയമനം സംബന്ധിച്ച് ഉയർന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിനായുള്ള വിജ്ഞാപനത്തിൽ വിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള എല്ലാ യോഗ്യതകളും തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് ഉണ്ടെന്ന് സെലക്ഷൻ കമ്മിറ്റി കണ്ടെത്തി ശിപാർശ നടത്തിയപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിന് സർവകലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. മലയാള ഭാഷ വിദഗ്ധർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി മലയാളം/ സംസ്കൃത ഭാഷകളിൽ ഡോക്റേറ്റ്, അദ്ധ്യാപന, ഗവേഷണപരിചയം എന്നീ യോഗ്യതകൾ ഉൾപ്പെടുത്തി വിവിധ സർവകലാശാലകളിലെ പ്രൊഫസർ മാർക്ക് എഡിറ്റർ തസ്തികയിലേക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ യോഗ്യതകളും ലെക്സിക്കൺ എഡിറ്റർക്ക് ഉണ്ട്. |
| (ബി) | സർവ്വകലാശാല ഓർഡിനൻസ് നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാതിരുന്നിട്ടും ചട്ടവിരുദ്ധമായി നിയമനം നേടിയ ലെക്സിക്കൻ എഡിറ്ററെ അടിയന്തരമായി പുറത്താക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേരള സർവകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978 ചാപ്റ്റർ 17 ൻറെ ഭാഗമായ ഷെഡ്യൂളിലെ ക്രമനമ്പർ 93 പ്രകാരം ചേർത്തിരിക്കുന്ന യോഗ്യത കൾ നേരിട്ടുള്ള സ്ഥിരനിയമനത്തിനു വേണ്ടിയുള്ളതാണ്. ടി തസ്തിക യിലേക്ക് ഇപ്പോൾ നടത്തിയിട്ടുള്ള നിയമനം ലെക്സിക്കൺ വിഭാഗത്തിൽ നിലനിൽക്കുന്ന അടിയന്തിര സാഹ ചര്യം പരിഗണിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലിക മായാണ്. ലെക്സിക്കണിൻറെ ഒൻപതാം വാല്യത്തിലെ അപാകതകളുമായി ബന്ധപ്പെട്ട സർവകലാശാല നിയോഗിച്ചിരുന്ന 2017 ലെ അന്വേഷണകമ്മിറ്റിയുടെ റിപ്പോർട്ട്, മുൻകാലങ്ങളിലെപ്പോലെ ലെക്സിക്കൺ വകുപ്പിൽ വിവിധഭാഷകളിലായി ഉണ്ടായിരുന്ന |

| | | | |
|---|---|---|---|
| | | | വിദഗ്ധരുടെ പങ്കാളിത്തം, നിലവിൽ വിവിധ ഭാഷകളിലുള്ള വിദഗ്ധരുടെ അഭാവം ഇവകൂടി വിലയിരുത്തി ഭാഷാവിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻകമ്മിറ്റി നൽകിയ ശുപാർശ പ്രകാരം മലയാളം/ സംസ്കൃതം ഭാഷകളിലെ ഡോക്ടറേറ്റ് ഉൾപ്പെടുത്തി യോഗ്യത വിപുലപ്പെടുത്തി വിവിധ സർവകലാശാലകളിലെ ബഹുഭാഷാ പാണ്ഡിത്യമുള്ള പ്രൊഫസർമാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്റർ തസ്തികയിലേക്ക് അപേക്ഷി ക്കാൻ അവസരമൊരുക്കിയിരുന്നു. ഈ നിയമനം പൂർണ്ണമായും താൽക്കാലികമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാത്രമാണെന്നതിനാൽ അതിനെ ഓർഡിൻൻസിന് വിരുദ്ധമായി കാണാനാകില്ല. |
| (സി) | യോഗ്യതാ മാനദണ്ഡങ്ങൾ തിരുത്തി വിജ്ഞാപനം പുറപ്പെടുവിച്ച വിഷയത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സർവകലാശാല ലെക്സിക്കൺ വിഭാഗത്തിൽ എഡിറ്റർ തസ്തികയിലെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥ യിൽ താത്ക്കാലികമായി ഒരു നിശ്ചിതകാലയളവിലേക്ക് ആയതിനാലും സർവകലാശാല ഓർഡിനൻസിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന യോഗ്യതകൾ നേരിട്ടുള്ള സ്ഥിരനിയമനത്തിനുള്ള തിനായതിനാലും കൺസൽട്ടേഷൻ റൂൾ തയ്യാറാക്കി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം സ്ഥിരനിയമനം നടത്തുന്നതുവരെയുള്ള താൽക്കാലിക സംവിധാനമാണ് ഈ നിയമനം എന്നതുകൊണ്ടും സർവകലാശാല ഓർഡിനൻസിന് വിരുദ്ധമായി നിയമനം നടത്തിയതായി കരുതുന്നില്ല. സ്ഥിരനിയമനം നടക്കുന്ന മുറയ്ക്ക് താൽക്കാലിക നിയമനം അവസാനിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ